ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് ആശ്രിതനിയമനം

67 (1089) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സേവനത്തിലിരിക്കെ മരണപ്പെട്ട നായിക് മനോജ് കുമാറിന്റെ ഭാര്യ ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് കണ്ണൂർ ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം അനുവദിച്ചുകൊണ്ടുള്ള പൊതുഭരണ വകുപ്പിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് നിയമനം നൽകുന്നതിന് ഒഴിവുകൾ തൽക്കാലം നിലവിലില്ല. ഒഴിവ് ഉണ്ടാകുന്നമുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അതുല്യം പദ്ധതി

68 (1090) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകി കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവി കൈവരിക്കുക എന്നതാണ് അതുല്യം പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യം, ന്യൂനപക്ഷ ക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടക്കുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ ചെയർമാനായിട്ടുള്ള സംഘാടക സമിതിയും വാർഡ് തലങ്ങളിൽ വാർഡ് മെമ്പർമാർ ചെയർമാനായിട്ടുള്ള വാർഡ്തല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ അതുല്യം സ്റ്റേറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജില്ലകളെ നാല് മേഖലകളായി തിരിച്ച് മുൻപരിചയമുള്ള നാല് ജില്ലാ കോ-ഓർഡിനേറ്റർമാരെ മേഖലാ തലത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മേഖലാ കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതുല്യം പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി അതുല്യം പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. ജില്ലാ കോ-ഓർഡിനേറ്റർമാരേയും മേഖലാ കോ-ഓർഡിനേറ്റർമാരേയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പദ്ധതി അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly